(ഡി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദ്യാലയങ്ങൾ ഉള്ള വിദ്യാഭ്യാസ ജില്ല/ഉപ വിദ്യാഭ്യാസ ജില്ലകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ തന്നെ ഏറ്റവും വലിയ വിദ്യാഭ്യാസ ജില്ലയായ ആലുവാ വിദ്യാഭ്യാസ ജില്ല വിഭജിച്ച് പറവൂർ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ഉണ്ടായിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ വിഭജിക്കുവാൻ നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 34 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളും 161 ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളും ഉണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഉപജില്ലാ സമതലപ്രദേശത്തോ പട്ടണ പ്രദേശത്തോ ആണെങ്കിൽ 45 മുതൽ 55 വരെ സ്കൂളുകളും ഗ്രാമപ്രദേശത്തോ മലയോര പ്രദേശത്തോ ആണെങ്കിൽ 35 മുതൽ 45 വരെ സ്കൂളുകളും ഉണ്ടാകണം.

(സി) ആലുവാ വിദ്യാഭ്യാസ ജില്ല വിഭജിച്ച് പറവൂർ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നത് സംബന്ധിച്ച് എറണാകുളം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ഡി) ആലുവാ വിദ്യാഭ്യാസ ജില്ലയിലാണ് ഏറ്റവും കൂടുതൽ സ്കൂളുകളുള്ളത് (104 എണ്ണം). ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് - കണ്ണൂർ നോർത്ത് (90 സ്കൂളുകൾ).

(ഇ&എഫ്) ഇതുസംബന്ധിച്ച് എറണാകുളം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭിച്ചാലുടൻ പരിശോധിച്ച് യുക്തമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യത്തിനുള്ള വരുമാന പരിധി

33 (816) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ/കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം ലഭിക്കുവാൻ രക്ഷിതാക്കളുടെ വരുമാന പരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വരുമാന പരിധി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണനയിലാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly